(ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ബാർ അസോസിയേഷൻ ഒറ്റക്കെട്ടായി പ്രതിഷേധിച്ച സംഭവത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-6-2005-ന് വൈകുന്നേരം 5 മണിക്ക് തിരുവങ്ങൂർ അങ്ങാടിയിൽ എന്തോ പണമിടപാട് സംബന്ധിച്ച കാര്യത്തിൽ ഒരു കൂട്ടം ആൾക്കാർ കൂടിനിന്ന് പ്രശ്നം ഉണ്ടാക്കുന്നതായി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഫോൺമുഖാന്തിരം വിവരം ലഭിച്ചതനുസരിച്ച് പോലീസ് പാർട്ടി ചെന്നപ്പോൾ 200 ഓളം പേർ കൂട്ടം കൂടിനിന്ന് സംസാരിക്കുന്നതായി കാണപ്പെടുകയും പണമിടപാട് സംബന്ധിച്ച പ്രശ്നമാണെന്നും പോലീസ് സ്റ്റേഷനിൽ വച്ച് പറഞ്ഞു തീർക്കാം എന്ന് ഇരുകൂട്ടരും സമ്മതിച്ച പ്രകാരം രണ്ട് കക്ഷികളും പോലീസ് ജീപ്പിൽ കയറി പോലീസ് സ്റ്റേഷനിൽ വന്നിട്ടുള്ളതാണ്. ഇതിൽ ഒരു കക്ഷി അഡ്വ. വിനോദ് കുമാറാണെന്ന് ജീപ്പിൽ വെച്ച് ടിയാൻ പറഞ്ഞ പ്രകാരം അറിവായി. തിരുവങ്ങൂരിൽ ആർട്സ് കോളേജിന് മുൻവശത്ത് നിന്നാണ് ജീപ്പിൽ കയറിയത്. അദ്ദേഹത്തെ ഓഫീസിൽ നിന്നും ബലമായി ജീപ്പിൽ കയറ്റി കൊണ്ടുവന്നിട്ടില്ല.

(ബി) വിനോദ് കുമാറിന്റെ പരാതിയിന്മേൽ കൊയിലാണ്ടി സി.ഐ. അന്വേഷണം നടത്തി വരുന്നു.

ജില്ലാ ആംഡ് റിസർവ്വിലെ അസിസ്റ്റന്റ് കമാന്റന്റുമാരുടെ പ്രൊബേഷൻ

32 [106] *ശ്രീമതി* എലിസബത്ത് *മാമ്മൻ മത്തായി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ്വിലെ ചില അസിസ്റ്റന്റ് കമാന്റന്റുമാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യാത്തതു കാരണം അക്കൗണ്ടന്റ് ജനറൽ ഇവരുടെ മൂന്നു വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ അസിസ്റ്റന്റ് കമാന്റന്റുമാരായി പ്രമോഷൻ ലഭിച്ച് മൂന്ന് വർഷമായിട്ടും പ്രൊബേഷൻ ഡിക്ളയർ ചെയ്യാത്ത എത്ര പേരുണ്ടെന്നും അവർ ആരെല്ലാമെന്നും അറിയിക്കാമോ;

(സി) ഇവരുടെ പ്രൊബേഷൻ എന്നത്തേക്ക് ഡിക്ളയർ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 11 അസിസ്റ്റന്റ് കമാന്റന്റുമാർ.

1. ശ്രീ. വി. കെ. ബോബൻ രാജ്
2. „ ബിജുകുമാർ
3. „ എൻ ബാബു
4. „ ഇ. പി. രാജൻ
5. „ വി. ബിജു
6. „ എസ്. രാധാകൃഷ്ണൻ
7. „ കെ. കുഞ്ഞമൻ നായർ
8. „ കെ. അബ്ദുൾ റഷീദ്
9. „ കെ. ജി. ചന്ദ്രബാബു
10. „ എം. ആർ. നന്ദകുമാർ
11. „ എൻ. ജെ. ജോൺസൺ

(സി) പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആളിയാറിൽ നിന്നും ചിറ്റൂർപ്പുഴയ്ക്ക് ലഭ്യമാക്കേണ്ട വെള്ളത്തിന്റെ അളവ്

33 [114] *ശ്രീ. കെ. ബാബു:*

„ *ബി. വിജയകുമാർ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും മേയ് 15-ന് ആളിയാറിൽ നിന്നും ചിറ്റൂർപ്പുഴയ്ക്ക് തമിഴ്നാട് എത്ര 'ക്യൂസെക്സ്' വെള്ളമാണ് നൽകേണ്ടത് എന്ന് അറിയിക്കുമോ;

(ബി) തമിഴ്നാട് വെള്ളം തരുന്നതുമായി ബന്ധപ്പെട്ട കനാലിലെ അറ്റകുറ്റപ്പണി കാരണം മേയ് 15-നുശേഷം വെള്ളം തന്നാൽ മതിയെന്ന് തമിഴ്നാടിനെ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട കനാലിലെ അറ്റകുറ്റപ്പണിക്കുശേഷം മേയ് 15 കഴിഞ്ഞ് തമിഴ്നാട് ആളിയാറിൽ നിന്നും ചിറ്റൂർപ്പുഴയ്ക്ക് വെള്ളം തന്നുവോ എന്ന് അറിയിക്കുമോ;

(ഡി) ഈ വർഷം ചിറ്റൂർപ്പുഴയ്ക്ക് നൽകേണ്ടിയിരുന്ന എത്ര 'ക്യൂസെക്സ്' വെള്ളമാണ് തമിഴ്നാട് തരാതിരുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly